**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 975** **24-02-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളിയിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അപ്രോച്ച് റോഡിന്റെ അപാകതകൾ പരിഹരിച്ച് നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവർത്തനസജ്ജമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ആറ്റപ്പിള്ളി റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുനസ്ഥാപിക്കുന്നത് സംബന്ധിച്ച്, പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും 16.08.2021 ൽ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ, KERI (Kerala Engineering Research Institute)-യെ ചുമതലപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം KERI വിവിധ ബദൽ പ്രൊപ്പോസലുകളുടെ അവലോകനം നടത്തുകയും അതിൽ നിന്നും ഏറ്റവും ഉചിതമായ പ്രൊപ്പോസലിന്റെ റിപ്പോർട്ട് ഐഡിആർബി - യിൽ സമർപ്പി ക്കുകയും ചെയ്തു. KERI - യിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്റെ സ്വീകാര്യത IDRB പരിശോധിച്ചുവരുന്നു. |
| (സി) | അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി നൽകി റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ആറ്റപ്പിള്ളി റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുനസ്ഥാപിക്കുന്നത് സംബന്ധിച്ച്, പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും 16.08.2021 ൽ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ, KERI (Kerala Engineering Research Institute)-യെ ചുമതലപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം KERI വിവിധ ബദൽ പ്രൊപ്പോസലുകളുടെ അവലോകനം നടത്തുകയും അതിൽ നിന്നും ഏറ്റവും |

| | | | |
|---|---|---|---|
| | | | ഉചിതമായ പ്രൊപ്പോസലിന്റെ റിപ്പോർട്ട് ഐഡിആർബി - യിൽ സമർപ്പി ക്കുകയും ചെയ്തു. KERI - യിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്റെ സ്വീകാര്യത IDRB പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ